// KERALA STATE HAJ COMMITTEE
P.O. CALICUT AIRPORT, MALAPPURAM – 673 647.
Phone: 0483 - 2710717. Fax: 0483 - 2717572.

Ref. H2-65/11-KUH

Date : 18-03-2011

# ഹജ്ജ് 2011

# അറിയിപ്പ്

## ഹജ്ജ് വളണ്ടിയർ അപേക്ഷ ക്ഷണിക്കുന്നു

ഈ വർഷത്തെ ഹജ്ജ് (ഹജ്ജ് 2011) സീസണിൽ കേരളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്ക് സൗദി അറേബ്യയിലെ മക്കയിലും മദീനയിലും മറ്റു പുണ്യസ്ഥലങ്ങളിലും സേവനമനുഷ്ഠിക്കാൻ താല്പര്യവും പ്രാപ്തിയുമുള്ള സർക്കാർ ജീവനക്കാരായ മുസ്ലിം പുരുഷൻമാരിൽ നിന്ന് ഹജ്ജ് വളണ്ടിയർമാരായി തെരഞ്ഞെടുക്കപ്പെടുന്നതിന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷകർ 01-07-2011-ന് 25-നും 50 നും മദ്ധ്യേ പ്രായമുള്ളവരും ഹജ്ജ് സേവനകാര്യങ്ങളിൽ മുൻപരിചയമുള്ളവരും ആരോഗ്യവാൻമാരും, ഇംഗ്ളീഷ്, ഹിന്ദി, അറബി ഭാഷകൾ കൈകാര്യം ചെയ്യാൻ കഴിവുള്ളവരും ആയിരിക്കണം. അപേക്ഷകർ കേന്ദ്ര ഹജ്ജ് കമ്മിറ്റിയോ, കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയോ സംഘടിപ്പിച്ച ഹജ്ജ് ട്രെയിനിംഗ് ക്യാമ്പിൽ പങ്കെടുത്തവരായിരിക്കണം. അപേക്ഷകരുടെ കുടുംബാംഗങ്ങളാരും ഈ വർഷം ഹജ്ജിന് ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. അധ്യായനത്തേയും പദ്ധതി രൂപീകരണത്തെയും ബാധിക്കുമെന്നതിനാൽ അദ്ധ്യാപകരും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരും അപേക്ഷിക്കേണ്ടതില്ല.

നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിന്മേൽ പാസ്പോർട്ട് സൈസ് ഫോട്ടോപതിച്ച്, പേര്, മേൽവിലാസം, എസ്. റ്റി. ഡി. കോഡോടുകൂടിയ ഫോൺ നമ്പർ, ജനന തിയതി, ജോലി, വിദ്യാഭ്യാസ യോഗ്യത, അറിയാവുന്ന ഭാഷകൾ മുതലായ കാര്യങ്ങൾ ഇംഗ്ളീഷിൽ പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം താഴെ പറയുന്ന വിലാസത്തിൽ വകുപ്പ് മേധാവി മുഖേന സമർപ്പിക്കേണ്ടതാണ്.

അപേക്ഷ ലഭിക്കേണ്ട അവസാന തിയ്യതി 05-04-2011 വൈകുന്നേരം 5 മണിവരെ.

അപേക്ഷ അയക്കുന്ന കവറിന് മുകളിൽ 'ഹജ്ജ് വളണ്ടിയർ അപേക്ഷ' എന്ന് എഴുതിയിരിക്കണം. അപേക്ഷാഫോറം ഹജ്ജ് കമ്മിറ്റി ഓഫീസിൽ നിന്ന് നേരിട്ടും **www. keralahajcommittee.org** എന്ന വെബ് സൈറ്റിൽ നിന്നും അപേക്ഷാഫോറം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഹജ്ജ് കമ്മിറ്റി ഓഫീസുമായി 0483-2710717 എന്ന നമ്പറിലോ നേരിട്ടോ ബന്ധപ്പെടാവുന്നതാണ്.

വിലാസം:

എക്സിക്യൂട്ടീവ് ഓഫീസർ,
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി,
ഹജ്ജ് ഹൗസ്, കലിക്കറ്റ് എയർപോർട്ട് പി.ഒ,
മലപ്പുറം-673 647.

(ഒപ്പ്)
ജില്ലാ കളക്ടർ & എക്സിക്യൂട്ടീവ് ഓഫീസർ
കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി